(ബി) പ്രസ്തുത വില്പനശാലകളുടെ സുഗമമായ പ്രവർത്തനത്തിന് അയൽ സംസ്ഥാനങ്ങളിലെ പോലീസ് എന്തെങ്കിലും വിധത്തിലുള്ള തടസ്സങ്ങളോ പ്രശ്നങ്ങളോ സൃഷ്ടിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന പോലീസ് ഇത്തരം ചില്ലറ വില്പനശാലകൾക്ക് അന്യ സംസ്ഥാന അധികൃതരിൽ നിന്നുണ്ടാകുന്ന തടസ്സങ്ങൾ മാറ്റുവാൻ ആവശ്യമായ സഹായം നൽകുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) 1. കളിയിക്കാവിള (2) വെള്ളറട (3) വാളയാർ, (4) മഞ്ചേശ്വരം എന്നിവിടങ്ങളിൽ ചില്ലറ വില്പനശാലകൾ തുറന്നിട്ടുണ്ട്;

(ബി ആന്റ് സി) തമിഴ്നാട് അതിർത്തിയോട് ചേർന്നുള്ള കളിയിക്കാവിള ഷോപ്പ് തുടങ്ങിയ സമയത്ത് ചില പ്രശ്നങ്ങൾ ഉണ്ടായെങ്കിലും ചർച്ച ചെയ്തു പരിഹരിച്ചു. ഇപ്പോൾ ഷോപ്പ് പ്രവർത്തിക്കുന്നതിൽ പ്രശ്നങ്ങളോ തടസ്സങ്ങളോ ഇല്ല.

(ഡി) ഉണ്ട്.

വനംകൊള്ളമൂലമുള്ള നഷ്ടം

*18 [78] ശ്രീ. കെ. എൻ. എ. ഖാദർ :
,, ഇസ്ഹാക് കുരിക്കൾ :
,, പി. കെ. അബ്ദുറബ്ബ് :
,, യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര വനം കൊള്ളകളെപ്പറ്റി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാമാണ് വനംകൊള്ള നടത്തുന്നത്;

(സി) എന്തെല്ലാം വനവിഭവങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളത്;

(ഡി) ഇതുമൂലം സർക്കാരിനുണ്ടായ നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) കഴിഞ്ഞ ആറു മാസത്തിനിടയിൽ 787 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) നോർതേൺ റീജിയണിന്റെ കീഴിലുള്ള സെൻട്രൽ സർക്കിളിൽപ്പെടുന്ന പാലപ്പള്ളി റേഞ്ച്, പുന്നമറ്റം, മേലുർപ്പാടം, നോർതേൺ സർക്കിളിൽ നോർത്ത് വയനാട് ഡിവിഷനിലെ ഒണ്ടയങ്ങാടി, ഓളിയോട്, ഹിൽ ഡെയിൽ, ആർ. എഫ്, തലപ്പുഴ, വി.എഫ്.സി. 16, നീലോം, കരിമാനി, കണ്ണൂർ ഡിവിഷനിലെ പോപ്പുലർ എസ്റ്റേറ്റ്, വി. എഫ്. സി. 46, പനത്തടി വി. എഫ്. സി. 45 പനത്തടി ആർ. എഫ് കാറഡുക്ക, മുളിയാർ, പരപ്പ തുടങ്ങിയ സ്ഥലങ്ങളിലും കോഴിക്കോട്, പാലക്കാട്, മണ്ണാർക്കാട്, നിലംപൂർ സൗത്ത്, നിലംപൂർ നോർത്ത് എന്നീ ഡിവിഷനുകളിലെ വിവിധ സ്ഥലങ്ങളിലും വനംകൊള്ള റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സതേൺ റീജിയണിന്റെ പരിധിയിൽ വരുന്ന കൊല്ലം സർക്കിളിൽ റാന്നി ഡിവിഷനിലെ റാന്നി, വടശ്ശേരിക്കര ഗാഡിക്കൽ റേഞ്ചുകളിലും, കോന്നി ഡിവിഷനിലെ മണ്ണാറപ്പാറ, കോന്നി, നടുവത്തുമൂഴി, പത്തനാപുരം റേഞ്ചിലും, തെൻമല ഡിവിഷനിലെ ആര്യങ്കാവ്, തെൻമല റേഞ്ചുകൾ, അച്ചൻകോവിൽ ഡിവിഷനിലെ കല്ലാർ, അച്ചൻകോവിൽ റേഞ്ചുകൾ, തിരുവനന്തപുരം ഡിവിഷനിലെ പരുത്തിപ്പള്ളി, പാലോട്, കുളത്തുപ്പുഴ റെയിഞ്ചുകൾ, കോട്ടയം സർക്കിളിന്റെ പരിധിയിൽ വരുന്ന അടിമാലി, നേര്യമംഗലം, മറയൂർ, ദേവികുളം, വാളറ, ഇഞ്ചത്തൊട്ടി, നഗരംപാറ, തട്ടേക്കണി, പാസ്ല, മതികെട്ടാൻ, ബോഡിമേട്ട്, പള്ളിവാസൽ, കാന്തല്ലൂർ എന്നിവിടങ്ങളിലും വനംകൊള്ള നടന്നിട്ടുണ്ട്. വൈൽഡ് ലൈഫ് വിഭാഗത്തിന്റെ കീഴിൽ വയനാട് റിസർവിലും, പറമ്പിക്കുളം ഡിവിഷനിൽ കോട്ടയാളി, തെളിക്കൽ എന്നി സെക്ഷനുകളിലെ തേക്കു തോട്ടങ്ങളിലും, പീച്ചി ഡിവിഷനിലെ മാന്ദാമംഗലം, വാണിയംപാറ, ഒളകര എന്നീ സ്റ്റേഷനുകളിലും ആറളം ഡിവിഷനിലെ കേളകം, തേക്കടി ഡിവിഷനിലെ തേക്കടി റേഞ്ചിലും, മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലും, ഇടുക്കി റേഞ്ചിലും തട്ടേക്കാട് പക്ഷി സങ്കേതങ്ങളിലും അഗസ്ത്യവനം ഡിവിഷനിലെ കോട്ടൂർ റിസർവിലും, നെയ്യാർ വന്യജീവി സങ്കേതങ്ങളിലുമാണ് വനംകൊള്ള നടന്നത്.

(സി) ആഞ്ഞിലി, തേക്ക്, ഈട്ടി, കുന്നിവാക, കറപ്പ, കുളമാവ്, പ്ളാവ് ചന്ദനം, കരിമരുത് പുന്ന, ചടച്ചി, മുള, മഹാഗണി, മുള്ളുവേങ്ങ, വെൺതേക്ക്, വേങ്ങ, പുന്നപ്പന, അരയാഞ്ഞിലി, ചോരക്കാലി, യൂക്കാലിപ്റ്റസ് എന്നീ ഇനങ്ങളിൽപ്പെട്ട തടികളും, വിറക്, ഇഞ്ചി, നെല്ലിക്ക, കറുപ്പത്തോൽ എന്നീ വനവിഭവങ്ങളുമാണ് നഷ്ടപ്പെട്ടിട്ടുള്ളത്.

(ഡി) ആകെ 27.81 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly